പല പുസ്തകങ്ങളും രേഖകളും ഏതാനും വർഷങ്ങൾക്കകം തീരെ അലഭ്യങ്ങളായി ത്തീരുമെന്നതാണ്.

കേരളത്തിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളും രേഖകളും ഇപ്പോൾ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറിന് അയച്ചുകൊടുക്കണമെന്നുണ്ട്. വേണമെങ്കിൽ കേരളത്തിൽ അച്ചടിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും മററു രേഖകളുടെയും രണ്ടോ നാലോ പ്രതികൾ സർക്കാരിനു സൗജന്യമായി അയച്ചുകൊടുക്കണമെന്ന ഒരു വകുപ്പുകൂടി ഗ്രന്ഥശാലാനിയമത്തിൽ ഉൾപ്പെടുത്താവുന്നതേയുള്ളു. തിരുവനന്തപുരത്തെ പബ്ലിക് ലൈബ്രറി അടക്കം ചുരുങ്ങിയതു രണ്ടു ലൈബ്രറികളെയെങ്കിലും 'ഡിപ്പോസിററ് ലൈബ്രറി'കളായി പ്രഖ്യാപിക്കാവുന്നതും അവയിൽ ഇങ്ങനെ കിട്ടുന്ന പുസ്തകങ്ങളും ആനുകാലികങ്ങളും രേഖകളും സൂക്ഷിക്കാൻ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതുമാണ്. സാമൂഹ്യശാസ്ത്രങ്ങളിൽ ഗവേഷണത്തിനു ഇത്തരം ഡെപ്പോസിററ് ലൈബ്രറികൾ എത്രമാത്രം അനുപേക്ഷണീയങ്ങളാണെന്നു പറയേണ്ടതില്ല.

കേരളത്തിൽ ലഭ്യമായ ഗ്രന്ഥശാലാ വിഭവങ്ങൾ സമാഹരിച്ച് ഗൗരവപൂർണമായ പഠനത്തിൽ ഏർപ്പെട്ട ഏതൊരാൾക്കും സ്വന്തം താമസസ്ഥലത്തിനടുത്തു് ലഭ്യമാക്കുന്നതിനുള്ള നിർദേശമൊന്നും ഗ്രന്ഥശാലാനിയമത്തിലില്ല. യഥാർത്ഥത്തിൽ ഇന്നു നിലവിലുള്ള തുലോം അപര്യാപ്തമായ ഗ്രന്ഥാലയസേവനം അല്പംകൂടി മെച്ചപ്പെടുത്തുകയെന്ന പരിമിതമായ ലക്ഷ്യമേ ഈ ബില്ലിനുള്ളു. ആധുനിക പരിസ്ഥിതികൾക്ക് അനുയോജ്യമായ വിധത്തിൽ ശാസ്ത്രീയവും പരിഷ്കൃതവുമായ ഒരു ഗ്രന്ഥശാലാസംവിധാനത്തെപ്പററി വിദഗ്ദ്ധർ കൂടിയാലോചിക്കുകയും സമഗ്രമായ ഒരു പരിപാടി ആവിഷ്കരിക്കുകയുംചെയ്യുന്നതു കൊള്ളാം. കാലക്രമത്തിലെങ്കിലും ഇത്തരമൊരു പരിപാടിയിൽ ജനങ്ങൾക്കു താല്പര്യം ഉണ്ടാവാതിരിക്കുമോ?

# 6. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

പ്രീഡിഗ്രി പരീക്ഷ നടത്തുന്നതിൻെറ ബാധ്യത സർവകലാശാലകളിൽ നിന്നെടുത്തു പുതുതായി രൂപവൽകരിക്കപ്പെടുന്ന ഒരു പ്രീഡിഗ്രി ബോർഡിനു നൽകുവാൻ 1986 മെയ് 15–ാം തീയതി കേരള ഗവൺമെൻറ് തീരുമാനിക്കുകയുണ്ടായി. ഇതിനു് ഏതാനും ദിവസം മുമ്പ് പാർലമെൻറ് അംഗീകരിച്ച ദേശീയ വിദ്യാഭ്യാസനയത്തിൽ അഞ്ചു വർഷത്തെ പ്രൈമറി ഘട്ടവും മൂന്നു വർഷത്തെ അപ്പർ പ്രൈമറി ഘട്ടവും അടക്കം എട്ടു വർഷം നീണ്ട പ്രാഥമിക വിദ്യാഭ്യാസവും, രണ്ടു വർഷത്തെ സെക്കണ്ടറി ഘട്ടവും രണ്ടു വർഷത്തെ ഹയർ സെക്കണ്ടറി ഘട്ടവും അടക്കം നാലു വർഷം നീണ്ട മാധ്യമിക വിദ്യാഭ്യാസവും, മൂന്നു വർഷം നീണ്ട സർവകലാശാലാ വിദ്യാഭ്യാസവും ശുപാർശചെയ്യപ്പെട്ടിരുന്നു.

ദേശീയ വിദ്യാഭ്യാസനയം അതേപടി നടപ്പിലാക്കുവാൻ കേരള ഗവൺമെൻറ് ഉദ്ദേശിച്ചിരുന്നതായി തോന്നുന്നില്ല. ആ ഉദ്ദേശ്യം ഗവൺമെൻറിനുണ്ടായിരുന്നെങ്കിൽ ആദ്യം ചെയ്യേണ്ടതു് ദേശീയ വിദ്യാഭ്യാസനയത്തിൽ നിർദേശിച്ചതനുസരിച്ചു പ്രാഥമിക വിദ്യാഭ്യാസത്തെ എട്ടു വർഷം നീണ്ട, സ്വയം പൂർണമായ, സർവജനീയ വിദ്യാഭ്യാസപദ്ധതിയായി വികസിപ്പിക്കുകയായിരുന്നു. പടുത്തുകെട്ടേണ്ടതു് അടിയിൽനിന്നല്ലേ?

പകരം ഗവൺമെൻറ് പരിഗണിച്ചതു്, ഏഴാം പദ്ധതിക്കാലത്തു മുന്നൂറു ഹൈസ്കൂളുകളെ പ്രീഡിഗ്രി ക്ലാസ്സുകൾകൂടി ഉൾപ്പെടുത്തി ഹയർ സെക്കണ്ടറി സ്കൂളുകളായി വികസിപ്പിക്കുവാനുള്ള ഒരു പരിപാടിയാണ്. സെക്കണ്ടറി ഘട്ടത്തിൽ വിദ്യാർത്ഥികൾക്കു തൊഴിൽ പരിശീലനം കാര്യക്ഷമമാക്കുന്നതിനു്

ഇതു് ആവശ്യമാണെന്നു പറയപ്പെട്ടു. അതേ സമയംതന്നെ, കോളേജുകളിൽ പ്രീഡിഗ്രി ക്ലാസുകൾ തുടർന്നു നിലനിർത്താനും ഉദ്ദേശ്യമുണ്ടായിരുന്നു. പക്ഷേ, പ്രീഡിഗ്രി കോഴ്സിൻെറ സിലബസ് തീരുമാനിക്കുന്നതും പരീക്ഷ നടത്തുന്നതും സർവകലാശാലകളായിരിക്കുകയില്ല; അതിനായി പ്രത്യേകം നിയമിക്കപ്പെടുന്ന ഒരു ബോർഡായിരിക്കും. കാരണം, പ്രീഡിഗ്രി വിദ്യാഭ്യാസം സർവകലാശാലാതലത്തിൽ ചേർന്നതല്ല; ഹയർ സെക്കണ്ടറിതലത്തിൽ ചേർന്നതാണ്". ചുരുക്കത്തിൽ, ദേശീയനയമനുസരിച്ച് വിദ്യാഭ്യാസം സമഗ്രമായി പുനഃസംഘടിപ്പിക്കാൻ കേരള ഗവണ്മെൻറ് ഉദ്ദേശിച്ചിരുന്നില്ല. ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു കേന്ദ്രത്തിൽനിന്നു ലഭിക്കുമെന്നു പ്രതീക്ഷിച്ചിരുന്ന സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു ലഘു പരിഷ്കാരം മാത്രമേ ഗവണ്മെൻറിൻെറ പരിഗണനയിൽ ഉണ്ടായിരുന്നുള്ളു.

എത്ര വികലമായ വ്യവസ്ഥിതിക്കകത്തും കാലക്രമേണ കുറെയേറെ നിക്ഷിപ്ത താല്പര്യങ്ങൾ വളർന്നു വരുകയെന്നതു സ്വാഭാവികമാണല്ലൊ. പ്രീഡിഗ്രി ഘട്ടം സർവകലാശാലാ വിദ്യാഭ്യാസത്തിൻെറ ഭാഗമായി തുടരുന്നതിൽ നിക്ഷിപ്ത താൽപര്യമുള്ള രണ്ടു വിഭാഗങ്ങൾ കേരളത്തിലുണ്ടായിരുന്നു. പ്രീഡിഗ്രി ക്ലാസുകളിൽ പഠിപ്പിക്കുന്ന ഏഴായിരത്തോളം പ്രൈവററ് കോളേജ് അദ്ധ്യാപകരും ആയിരത്തഞ്ഞൂറോളം ഗവണ്മെൻറ് കോളേജ് അദ്ധ്യാപകരും, തങ്ങൾ കോളേജ് അദ്ധ്യാപകർ എന്ന നിലയിൽനിന്നു് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ എന്ന നിലയിലേക്കു തരം താഴ്ന്നു പോകുമെന്നു് ആശങ്കിച്ചു. സാമ്പത്തിക നഷ്ടം ഉണ്ടായേക്കുകയില്ലെങ്കിൽക്കൂടി, പദവിയിൽ വരുന്ന ഈ പതനം അവർക്കു് അസഹ്യമായിരുന്നു.

സർവകലാശാലകളിലെ അദ്ധ്യാപകേതര ജീവനക്കാർക്കായിരുന്നു പ്രീഡിഗ്രി ബോർഡ് ഏർപ്പെടുത്തുന്നതിൽ ഏററവുമധികം പ്രതിഷേധം. പ്രീഡിഗ്രി പരീക്ഷ നടത്തുന്നതിൻെറ ചുമതല സർവകലാശാലകളിൽനിന്നു് എടുത്തു മാററിയാൽ ഈ ജീവനക്കാരിൽ പലർക്കും ഒന്നും ചെയ്യാനില്ലാതാവും. ജോലി നഷ്ടപ്പെട്ടില്ലെങ്കിൽക്കൂടി പ്രൊമോഷൻ സാദ്ധ്യതകളും മററു പല ആനുകൂല്യങ്ങളും അവർക്കു കുറഞ്ഞുപോവും. ഈ ജീവനക്കാരിൽ ഏറെക്കുറെ മുഴുവൻ പേരും പാർട്ടി അടിസ്ഥാനത്തിൽ സംഘടിച്ചവരായിരുന്നു. അന്നു് പ്രതിപക്ഷത്തായിരുന്ന കക്ഷികളുടെ നേതൃത്വത്തിൽ സംഘടിച്ച സർവകലാശാലാ ജീവനക്കാർ പ്രീഡിഗ്രി ബോർഡ് രൂപവത്ക്കരണത്തെ നഖശിഖാന്തം എതിർത്തതിൽ അത്ഭുതത്തിനു് അവകാശമില്ല.

ഇവർക്കു പുറമേ, കേരള സർവകലാശാലയുടെ സിൻഡിക്കേററും കോഴിക്കോടു സർവകലാശാലയുടെ സെനററും പ്രീഡിഗ്രി ബോർഡ് രൂപവത്ക്കരണത്തെ എതിർത്തു. വിദ്യാഭ്യാസപരമെന്നതിലേറെ രാഷ്ട്രീയമായ കാരണങ്ങളാണ് ഈ എതിർപ്പിനു പുറകിലുണ്ടായിരുന്നതു് എന്നു കരുതേണ്ടിയിരിക്കുന്നു.

പ്രീഡിഗ്രി ബോർഡ് രൂപവത്ക്കരണം സംബന്ധിച്ച തീരുമാനം ഗവണ്മെൻറ് കൈക്കൊള്ളുന്നതിനു മുമ്പുതന്നെ, ബോർഡ് രൂപവത്ക്കരിക്കുന്നതിനോടു തങ്ങൾക്കുള്ള എതിർപ്പു മേൽപ്പറഞ്ഞ വിഭാഗക്കാർ പ്രകടിപ്പിച്ചിരുന്നു. ബോർഡ് രൂപവത്ക്കരിക്കുന്നപക്ഷം തങ്ങൾ നോട്ടീസ് നൽകാതെ പണിമുടക്കുമെന്നു് 1985 ഡിസംബറിൽ സർവകലാശാലാ ജീവനക്കാരുടെ ആക്ഷൻ കൗൺസിൽ മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. പ്രീഡിഗ്രി കോഴ്സ് സർവകലാശാലയിൽനിന്നു വിടർത്തുവാൻ 1986 മെയ് 16–ാം തീയതി ഗവണ്മെൻറ് തീരുമാനിച്ചപ്പോൾ, കോഴിക്കോട്–കൊച്ചി–കേരള സർവകലാശാലകളിൽ 1986 ഏപ്രിലിൽ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ നോക്കുകയായിരുന്ന അദ്ധ്യാപകരിലും മാർക്ക്‌ലിസ്റ്റുകൾ തയ്യാറാക്കുകയായിരുന്ന ജീവനക്കാരിലും വലിയ ഒരു വിഭാഗം ജോലിസ്ഥലങ്ങളിൽ പണിമുടക്കി കുത്തിയിരുന്നു. പരീക്ഷാഫലം എങ്ങനെയും തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്നു തീരുമാനിച്ച ഗവണ്മെൻറ്, അതിനു തടസ്സം നിൽക്കുന്നതായി കരുതപ്പെട്ട കേരള–

കോഴിക്കോട്—സർവകലാശാലകളിലെ സിൻഡിക്കേററുകളെ ഗവർണറെക്കൊണ്ട് 1986 ജൂൺ 15—ാം തീയതി സസ്പെൻഡ് ചെയ്യിച്ചു. സിൻഡിക്കേററുകൾ നിർവഹിക്കേണ്ട ചില ചുമതലകൾ വൈസ് ചാൻസലർമാർക്ക നൽകാനായിരുന്നു ഇതു്. 1986 ജൂൺ 16 മുതൽ ഉത്തരക്കടലാസ്സുകൾ നോക്കാനും മാർക്കലിസ്റ്റുകൾ തയ്യാറാക്കാനും വേറെ ഏർപ്പാടുകൾ ഉണ്ടാക്കി. 1986 ജൂലൈ 1 മുതൽ പല ഘട്ടങ്ങളിലായി കേരള സർവകലാശാലയിലെ പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. കോഴിക്കോട് സർവകലാശാലയിലെ പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചതു് 1986 ജൂലൈ 31—ാം തീയതിയായിരുന്നു.

അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സമരം 1986 ജൂലൈ 5—ാം തീയതി പിൻവലിച്ചു. 1986 സെപ്തംബർ 7—ാം തീയതി കോഴിക്കോട്—കേരള—സർവകലാശാലകളുടെ സിൻഡിക്കേററുകളുടെ സസ്പെൻഷൻ ഗവർണർ റദ്ദാക്കി. 1986 ജൂൺ 6—ാം തീയതി ഗവണ്മെൻറ് നിയമിച്ചിരുന്ന വൈസ് ചാൻസലർമാരുടെ കമ്മിററി, പ്രീഡിഗ്രി കോഴ്സ് സർവകലാശാലയിൽനിന്നു വേർപെടുത്തണമെന്ന അവരുടെ ശുപാർശ 1986 സെപ്തംബർ 29—ാം തീയതി ഗവണ്മെൻറിനു സമർപ്പിച്ചു. പല തലങ്ങളിൽ കൂടിയാലോചനകൾക്ക ശേഷം മന്ത്രിസഭ 1986 ഡിസംബർ 23—ാം തീയതി ഈ ശുപാർശ സ്വീകരിച്ചു. ഇതനുസരിച്ച് നിയമസഭയിൽ അവതരിപ്പിക്കാനുള്ള ഒരു കരടുബില്ലും മന്ത്രിസഭ അംഗീകരിച്ചു.

സർവകലാശാലകളിലെ, പ്രത്യേകിച്ചു കേരള സർവകലാശാലയിലെ, പ്രീഡിഗ്രി ഉത്തരക്കടലാസ്സുകൾ നോക്കിയതിലും മാർക്ക് ലിസ്റ്റ് തയ്യാറാക്കിയതിലും ഗുരുതരങ്ങളായ ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി നിയമസഭയിലും പത്രങ്ങളിലും ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. ഈ ആരോപണങ്ങൾ അന്വേഷിക്കാനായി റിട്ടയേർഡ് ഹൈക്കോർട്ട് ജഡ്ജി കുമാരി പി. ജാനകിയമ്മയെ ഒരു കമ്മീഷനായി സർക്കാർ നിയമിച്ചു. താമസിയാതെ, 1987 ആരംഭത്തിൽ, നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണി പരാജയപ്പെട്ടു; ഇടതുജനാധിപത്യമുന്നണി അധികാരത്തിൽ വരുകയുംചെയ്തു. പ്രീഡിഗ്രി വിദ്യാഭ്യാസം സർവകലാശാലയിൽനിന്നു വേർപെടുത്തുവാനും പ്രീഡിഗ്രി ബോർഡ് സ്ഥാപിക്കുവാനുമുള്ള മുൻ ഗവണ്മെൻറിന്റെ തീരുമാനം 1987 മാർച്ച് 31—ാം തീയതി പുതിയ മന്ത്രിസഭ റദ്ദാക്കി. ജാനകിയമ്മ കമ്മീഷന്റെ പ്രവർത്തനവും മന്ത്രിസഭ അവസാനിപ്പിച്ചു.

പിന്നീടാണ്, 1987 ജൂൺ 4—ാം തീയതി ജസ്റ്റീസ് നരേന്ദ്രനെ കമ്മീഷനായി കേരള ഗവണ്മെൻറ് നിയമിച്ചതു്. പ്രീഡിഗ്രി ബോർഡ് രൂപവത്ക്കരിക്കാൻ മുൻ ഗവണ്മെൻറ് തീരുമാനിച്ചതിനെത്തുടർന്നു ക്രമവിരുദ്ധമായി എന്തെല്ലാം നടന്നിരിക്കുന്നു എന്നു് അന്വേഷിക്കാനാണ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നതു്. ആ തീരുമാനം എടുത്തതു് അകാലത്തിലും ധൃതിപിടിച്ചും ആയിരുന്നുവോ, അതിനെ എതിർത്തവരോടു് അന്നത്തെ മുഖ്യമന്ത്രി ശ്രീ കരുണാകരനും വിദ്യാഭ്യാസമന്ത്രി ശ്രീ ജേക്കബ്ബും പ്രതികാരബുദ്ധിയോടെ പെരുമാറിയിട്ടുണ്ടോ, കോഴിക്കോട്—കേരള സർവകലാശാലകളുടെ സിൻഡിക്കേററുകളെ സസ്പെൻഡ്ചെയ്തതു ശരിയായോ, 1986 ഏപ്രിലിൽ കേരള സർവകലാശാലയുടെ പ്രീഡിഗ്രി പരീക്ഷയ്ക്കുള്ള കേന്ദ്രങ്ങൾ തെരഞ്ഞെടുത്തതിലും പരീക്ഷകരെ നിശ്ചയിച്ചതിലും ഹാംടിക്കററ് നൽകിയതിലും ഉത്തരക്കടലാസ്സുകൾ നോക്കിയതിലും മററു ക്രമക്കേടുകളുണ്ടോ, വൈസ് ചാൻസലറും മററ് ഉയർന്ന സർവകലാശാലാ ഉദ്യോഗസ്ഥരും ഈ കാലത്തു് എങ്ങനെയാണു പെരുമാറിയതു്, ഉത്തരക്കടലാസ്സ് പരിശോധനയ്ക്കും മററുമായി സർവകലാശാലാ ഫണ്ടുകൾ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടോ, പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിൽ അപാകതകളുണ്ടോ, അതുകൊണ്ടു് വിദ്യാർത്ഥികൾക്ക് എത്രമാത്രം പ്രയാസങ്ങളുണ്ടായി, മുതലായ കാര്യങ്ങൾ അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുകയാണ് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ചെയ്യേണ്ടിയിരുന്നതു്.

പ്രീഡിഗ്രി വിദ്യാഭ്യാസം ഹയർ സെക്കണ്ടറി ഘട്ടത്തിൽ ചേർക്കണമോ, അതോ ഇന്നത്തെപ്പോലെ സർവകലാശാലാതലത്തിൽത്തന്നെ നടത്തണമോ എന്ന മൗലികമായ പ്രശ്നം അന്വേഷിക്കാൻ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ നിലവിലുള്ള വൈകല്യങ്ങൾ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചല്ല കമ്മീഷനെ സർക്കാർ നിയമിച്ചതെന്നു സ്പഷ്ടമാണ്. തങ്ങൾ പ്രതിനിധാനംചെയ്യുന്ന പാർട്ടികളോട് ചേർന്നു നില്ക്കുന്ന സർവകലാശാലാ ജീവനക്കാരുടെ ചില ആവശ്യങ്ങൾ നിറവേററിയെന്നു വരുത്താൻ സർക്കാർ കൈക്കൊണ്ട ഒരു നടപടിയായേ കമ്മീഷന്റെ നിയമനത്തെ കണക്കാക്കേണ്ടതുള്ളു.

പ്രീഡിഗ്രി വിദ്യാഭ്യാസം സർവകലാശാലയിൽനിന്നു വേർപെടുത്തുന്നതിലും അതിന്റെ നടത്തിപ്പിന് ഒരു ബോർഡ് രൂപവത്ക്കരിക്കുന്നതിലും അമിതമായ ആവേശം അന്ന് വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ ജേക്കബ് പ്രദർശിപ്പിക്കുകയുണ്ടായി എന്ന നിഗമനത്തിലാണ് കമ്മീഷൻ എത്തിച്ചേർന്നിട്ടുള്ളത്. പ്രീഡിഗ്രി ക്ലാസ്സുകൾകൂടി ഉൾപ്പെടുത്തി പുതുതായി തുടങ്ങാൻ ഉദ്ദേശിച്ച മൂന്നൂറു ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുറെയെണ്ണം പ്രൈവററ് മാനേജ്മെന്റുകൾക്ക നൽകാൻ സാദ്ധ്യതയുണ്ടായിരുന്നുവെന്നും, അടുത്തു നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിൽ മാനേജർമാരുടെ ആനുകൂല്യം നേടുകയായിരിക്കാം അദ്ദേഹത്തിന്റെ ലക്ഷ്യമെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസവകുപ്പു സെക്രട്ടറിയെയും സർവകലാശാലയിലെ ഉയർന്ന ഉദ്യോഗസ്ഥരെയും വിദ്യാഭ്യാസമന്ത്രി സമ്മർദവിധേയരാക്കിയെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഉത്തരക്കടലാസ്സുകൾ നോക്കിയതിലും മാർക്ക് ലിസ്റ്റ് തയ്യാറാക്കിയതിലും വളരെയധികം ക്രമക്കേടുകൾ സംഭവിച്ചുവെന്നും ഇതിൻ ഫലമായി യഥാർത്ഥത്തിൽ ജയിച്ച എത്രയോ വിദ്യാർത്ഥികൾ തോററതായും തോററവർ ജയിച്ചതായും പ്രഖ്യാപിക്കപ്പെട്ടുവെന്നും, ഒട്ടധികം വിദ്യാർത്ഥികൾ ഇക്കാരണത്താൽ കഷ്ടപ്പെടേണ്ടിവന്നു എന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പരീക്ഷകരും ജീവനക്കാരും സമരം ചെയ്തപ്പോൾ മററു സംവിധാനങ്ങൾ ഉണ്ടാക്കിയതിൽ സർവകലാശാലയ്ക്കു ധാരാളം ധൂർത്തവ്യയം സംഭവിച്ചതായും റിപ്പോർട്ടിൽ പറയുന്നുണ്ട്. മുൻ വിദ്യാഭ്യാസമന്ത്രിക്കെതിരെ ശക്തിയേറിയ ആരോപണങ്ങൾ റിപ്പോർട്ടിൽ ഉന്നയിക്കപ്പെട്ടിരിക്കുന്നു. ആവശ്യത്തിലധികം ശുഷ്കാന്തി ഈ വിഷയത്തിൽ അന്നത്തെ മുഖ്യമന്ത്രിയും പ്രദർശിപ്പിച്ചതായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. വൈസ് ചാൻസലർ ശ്രീ ഹബീബ് മുഹമ്മദ് അടക്കം കേരള സർവകലാശാലയിലെ ഏതാനും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളും കമ്മീഷന്റെ വിമർശനത്തിനു വിധേയമായിട്ടുണ്ട്.

പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽവെച്ചു നടത്തുന്നതാണ് നമ്മുടെ സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ നിലവാരത്തകർച്ചയ്ക്കു കാരണമെന്ന കാര്യത്തിൽ എല്ലാ വിദ്യാഭ്യാസ വിദഗ്ധരും ഏറെക്കുറെ ഏകാഭിപ്രായക്കാരാണ്. പ്രീഡിഗ്രി വിദ്യാഭ്യാസം യഥാർത്ഥത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസമാണെന്നും അതു നടത്തേണ്ടത് ഹൈസ്കൂളുകളിലാണെന്നും വിദ്യാഭ്യാസത്തെ തൊഴിൽപരമാക്കുന്നതിനായി ഈ ഘട്ടത്തെ ഉപയോഗപ്പെടുത്തണമെന്നും ഉള്ള കാര്യത്തിലും അഭിജ്ഞർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ, വേണ്ടത്ര തയ്യാറെടുപ്പുകൾ ചെയ്യാതെയും അദ്ധ്യാപകരെയും സർവകലാശാലാ ജീവനക്കാരെയും വിദ്യാർത്ഥികളെയും ബന്ധപ്പെട്ട പൊതുജനങ്ങളെയും കാര്യം ഗ്രഹിപ്പിക്കാൻ ശ്രമിക്കാതെയും ഉദ്യോഗസ്ഥമേധാവിത്വപരമായി പ്രീഡിഗ്രി വിദ്യാഭ്യാസം സർവകലാശാലകളിൽനിന്നു വേർപെടുത്തുന്നതിനു ചെയ്ത വിഫല പ്രയത്നങ്ങളിലൂടെ, ഈ വിഷയത്തിൽ പുരോഗതിക്കുള്ള വഴി മുൻ മന്ത്രിസഭ എന്നന്നേക്കുമല്ലെങ്കിൽ ദീർഘകാലത്തേക്കു വേലികെട്ടിയടയ്ക്കുകയാണുചെയ്തത്. സർവപ്രധാനമായ ഈ സംഗതി കമ്മീഷനു ചൂണ്ടിക്കാണിക്കാമായിരുന്നു.

പ്രീഡിഗ്രി പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കാൻ ഇപ്പോൾ സർവകലാശാലകൾക്കു സാധിക്കാത്തതിനു കാരണം പ്രീഡിഗ്രി വിദ്യാർത്ഥികളുടെ എണ്ണപ്പെരുപ്പമാണെന്ന് കമ്മീഷൻ കരുതുന്നു. ഇതിനു പ്രതിവിധിയായി കമ്മീഷൻ നിർദ്ദേശിക്കുന്നതു് എസ്. എസ്. എൽ. സി. പരീക്ഷയിൽ അമ്പതു ശതമാനം മാർക്കു ലഭിക്കാത്തവർക്ക് പ്രീഡിഗ്രി പ്രവേശനം നിഷേധിക്കുകയാണ്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ ശുപാർശ ഏതെങ്കിലും ഗവൺമെന്റ് കേരളത്തിൽ നടപ്പിലാക്കുമെന്നു തോന്നുന്നില്ല.

ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന് ഒരു വിധിന്യായത്തിന്റെ സന്തുലനത്തെക്കാളേറെ ഒരു പ്രോസിക്യൂഷന്റെ വീറാണുള്ളതെന്നു ചിലരെങ്കിലും പറഞ്ഞുകൂടായ്കയില്ല. പരീക്ഷക്കടലാസ്സുകൾ നോക്കുകയും മാർക്കലിസ്റ്റുകൾ തയ്യാറാക്കുകയുംചെയ്യുന്ന ഇടങ്ങളിൽ അദ്ധ്യാപകരും സർവകലാശാലാജീവനക്കാരും കുത്തിയിരുപ്പു സത്യാഗ്രഹം നടത്തിയതിനെ കമ്മീഷൻ കലവറകൂടാതെ അനുകൂലിക്കുന്നു. 'മിശ്രസമ്പദ്‌വ്യവസ്ഥിതിയുള്ള നമ്മുടെ രാജ്യത്തു കൂട്ടായ വിലപേശലിലൂടെ നേരിട്ടുള്ള സമരം (ഡയറക്ട് ആക്ഷൻ) തൊഴിലാളികളുടെ ജന്മാവകാശമാണ്. പൊതുജനങ്ങൾക്കു വമ്പിച്ച കഷ്ടപ്പാടുണ്ടാവുമെങ്കിൽക്കൂടി തൊഴിലാളിവർഗത്തിന്റെ ഈ അധികാരം വകവെച്ചുകൊടുത്തേതീരൂ' എന്ന് അദ്ദേഹം പറയുന്നു. പ്രൊഫസർമാർ, സർവകലാശാലാ ജീവനക്കാർ എന്നിവർ പണിമുടക്കുസമരം ജന്മാവകാശമായ തൊഴിലാളികളാണെങ്കിൽ വിദ്യുച്ഛക്തിവകുപ്പിലെ ജീവനക്കാർ, ഡോക്ടർമാർ, പോലീസുകാർ, പട്ടാളക്കാർ മുതലായവരെക്കൂടി എന്തുകൊണ്ട് ആ വർഗത്തിൽ ഉൾപ്പെടുത്തിക്കൂടാ? 'അത്യാവശ്യ' സേവനങ്ങളെപ്പറ്റിയുള്ള നമ്മുടെ ധാരണകൾ തകിടം മറിയുകയാവില്ലേ ഈ സിദ്ധാന്തം അംഗീകരിക്കുന്നതിന്റെ ഫലം?

തനിക്ക് അയച്ചുകിട്ടിയ അറുപത്തെട്ടു പ്രസ്താവനകളിൽ ചിലതു് ഒരേ അസ്സലിന്റെ നക്കലുകൾ ആയിരുന്നു എന്ന് കമ്മീഷൻ എടുത്തുകാട്ടുന്നു. കേരള പ്രൈവറ്റ് കോളേജ് നോൺ ടീച്ചിങ്ങ് സ്റ്റാഫ് കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറി ശ്രീ കളക്കട രാജു സമർപ്പിച്ച പ്രസ്താവനയുടെ നേർ പകർപ്പായിരുന്നു പ്രൊഫസർ ജോസഫ് മുളയിൽ സമർപ്പിച്ച പ്രസ്താവന. ഇതിൽനിന്നു നാലു പേജുകൾ വിട്ടുകളഞ്ഞതാണ് ഗവണ്മെന്റ് ലോ കോളേജിൽ പ്രിൻസിപ്പാളായിരുന്ന ശ്രീ ആർ. ശങ്കരദാസൻതമ്പി സമർപ്പിച്ച പ്രസ്താവന. 'ഈ പ്രൊഫസർമാരുടെ വിദ്യാർത്ഥികൾ പരീക്ഷാഹാളിൽ ഇരുന്നു കോപ്പിയടിക്കുകയും അവരെ കൈയോടെ പിടിക്കുകയുമാണെങ്കിൽ എന്താകുമായിരുന്നു അവരുടെ ഗതി?' എന്ന് കമ്മീഷൻ അത്ഭുതം കൂറുന്നു. ഒരേ അഭിപ്രായമുള്ള പലർക്കൂടി ആലോചിച്ചു തയ്യാറാക്കിയ പ്രസ്താവന എല്ലാവരുടെയും ഒപ്പോടെയോ, വേറെവേറെയോ കമ്മീഷനു സമർപ്പിക്കുന്നതിൽ എന്താണു തരക്കേട്? പരീക്ഷാഹാളിലെ കോപ്പിയടിയുമായി ഇതിന് എന്തു ബന്ധം?

ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷനിലെ നിർദ്ദേശങ്ങൾ അനുസരിച്ച് കുറ്റവാളികളായി കാണപ്പെടുന്നവർക്കെതിരെ നടപടിയെടുക്കുമെന്ന് കേരള നിയമസഭയിൽ മുഖ്യമന്ത്രി ശ്രീ നായനാർ പ്രസ്താവിക്കുകയുണ്ടായി. പാളിച്ചകൾ പലതും പറ്റിയതായും സാധൂകരിക്കാനാവാത്ത നടപടികൾ പലതും നടന്നതായും പറയുന്നുണ്ടെങ്കിലും പ്രോസിക്യൂഷൻ നടപടി അർഹിക്കുന്ന കുറ്റം അന്വേഷണത്തിനു വിധേയർ ആയവരിൽ ആരെങ്കിലും ചെയ്തതായി റിപ്പോർട്ടിൽ സ്ഥാപിച്ചിട്ടില്ല എന്നാണ് അതു ശ്രദ്ധിച്ചു വായിച്ചപ്പോൾ എനിക്ക് തോന്നിയതു്.